# CAREER Updates

# പത്രവൃത്താന്തം

**05.07.2024 (വെള്ളി)**




- ⇨ 2024 ജൂലൈയിൽ ബ്രിട്ടീഷ് പ്രധാനമന്ത്രിയായി തിരഞ്ഞെടുക്കപ്പെട്ടത്
- ✔ കെയ്ർ സ്റ്റാർമർ
- ബ്രിട്ടണിൽ 14 വർഷം തുടർച്ചയായി അധികാരത്തിലിരുന്ന കൺസർവേറ്റീവ് പാർട്ടിക്കെതിരെ കെയ്ർ സ്റ്റാർമർ നേതൃത്വം നൽകുന്ന ലേബർ പാർട്ടി വൻ വിജയമാണ് നേടിയത്. 412 സീറ്റുകൾ നേടിയാണ് ലേബർ പാർട്ടി അധികാരത്തിലെത്തിയത്. കൺസർവേറ്റീവ് പാർട്ടി 121 സീറ്റുകൾ മാത്രമാണ് നേടിയത്.
- കനത്ത തോൽവി ഏറ്റുവാങ്ങിയതിന് പിന്നാലെ ഇന്ത്യൻ വംശജനായ ബ്രിട്ടീഷ് പ്രധാനമന്ത്രി ഋഷി സുനക് രാജിവച്ചു. ബക്കിംഗ്ഹാം കൊട്ടാരത്തിലെത്തി ചാൾസ് മൂന്നാമൻ രാജാവിന് രാജി സമർപ്പിച്ച ശേഷം കൺസർവേറ്റീവ് പാർട്ടി നേതൃസ്ഥാനവും ഇദ്ദേഹം ഉപേക്ഷിച്ചു.

- ⇨ ബ്രിട്ടീഷ് പാർലമെന്റിലേക്ക് തിരഞ്ഞെടുക്കപ്പെട്ട ആദ്യ മലയാളി
- ✔ സോജൻ ജോസഫ്
- ദക്ഷിണ ഇംഗ്ലണ്ടിലെ കെന്റ് കൗണ്ടിയിലുള്ള ആഷ്ഫഡ് മണ്ഡലത്തിൽ നിന്നാണ് സോജൻ ജോസഫ് ബ്രിട്ടീഷ് പാർലമെന്റിലേക്ക് തിരഞ്ഞെടുക്കപ്പെട്ടത്. ലേബർ പാർട്ടി സ്ഥാനാർത്ഥിയായി മത്സരിച്ച് വിജയിച്ച ഇദ്ദേഹം കോട്ടയം സ്വദേശിയാണ്.
- ⇨ 2024 ജൂലൈയിൽ ബിംസ്റ്റെക് ഡയറക്ടറായി കേന്ദ്രസർക്കാർ നിയമിച്ച മലയാളി
- ✔ പ്രശാന്ത് ചന്ദ്രൻ
- ഇന്ത്യ, നേപ്പാൾ, ഭൂട്ടാൻ, ബംഗ്ലാദേശ്, മ്യാന്മർ, തായ്‌ലന്റ്, ശ്രീലങ്ക എന്നീ രാജ്യങ്ങളുടെ കൂട്ടായ്മയാണ് ബേ ഓഫ് ബംഗാൾ ഇനിഷ്യേറ്റീവ് ഫോർ മൾട്ടിസെക്ടർ ടെക്നിക്കൽ ആന്റ് ഇക്കണോമിക് കോ ഓപ്പറേഷൻ (ബിംസ്റ്റെക്).

- ⇨ വൈക്കം മുഹമ്മദ് ബഷീറിന്റെ ഓർമ്മയ്ക്ക് പ്രവാസി ട്രസ്റ്റ് ഏർപ്പെടുത്തിയ പ്രവാസി ദോഹ ബഷീർ പുരസ്കാരം 2024 ജൂലൈയിൽ സ്വന്തമാക്കിയ പ്രശസ്ത ശില്പി
- ✔ കാനായി കുഞ്ഞിരാമൻ
- വൈക്കം മുഹമ്മദ് ബഷീർ ഓർമ്മദിനമായി ആചരിക്കപ്പെടുന്നത് ജൂൺ 5 ആണ്.
- ⇨ പ്രതിവർഷം ഏറ്റവും കൂടുതൽ കാർബൺ പുറന്തള്ളുന്ന ലോകരാജ്യം
- ✔ ചൈന
- പ്രതിവർഷം ഏറ്റവും കൂടുതൽ കാർബൺ പുറന്തള്ളുന്ന രാജ്യങ്ങളുടെ പട്ടികയിൽ രണ്ടാം സ്ഥാനത്ത് അമേരിക്കയും മൂന്നാം സ്ഥാനത്ത് ഇന്ത്യയുമാണ്.
- ⇨ 2024 ജൂലൈയിൽ അന്തരിച്ച ഓസ്കാർ ജേതാവായ തിരക്കഥാകൃത്ത്
- ✔ റോബർട്ട് ടൗൺ
- റൊമാൻ പൊളാൻസ്കിയുടെ 'ചൈനാടൗൺ' എന്ന ചിത്രത്തിന്റെ തിരക്കഥയ്ക്ക് 1975-ലാണ് റോബർട്ട് ടൗണിന് ഓസ്കാർ ലഭിച്ചത്.

CAREER GUIDANCE BUREAU


**കരിയർ ഗൈഡൻസ് ബ്യൂറോ**

ആറ്റിങ്ങൽ & തമ്പാനൂർ ✆ 8590 333 999